**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4624** **19-07-2022 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം പാലായിയിൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഭാഗത്ത് ശുദ്ധ ജലം ലഭിക്കുന്നതിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ? | (എ) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഭാഗത്ത് താഴെപ്പറയുന്ന രണ്ട് ശുദ്ധജല വിതരണ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>തൃക്കരിപ്പൂർ പഞ്ചായത്തിനും സമീപ 6 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.<br><br>കിനാനൂർ കരിന്തളം പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി.<br><br>മേൽ പറഞ്ഞ രണ്ട് പദ്ധതികൾക്കും ജൽ ജീവൻ മിഷനിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെയും വിശദമായ DPR തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

തൃക്കരിപ്പൂർ പഞ്ചായത്തിനും സമീപ 6 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ജൽജീവൻ മിഷനിൽ 2021-22-ൽ 339.03 കോടി രൂപയുടെ ഭരണാനുമതി നല്കിയ ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ 5 പഞ്ചായത്തുകളായ തൃക്കരിപ്പൂർ, ചെറുവത്തൂർ, പിലിക്കോട്, വലിയപറമ്പ്, പടന്ന എന്നീ പഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ കാങ്കോൽ-ആലപ്പടമ്പ്, കരിവെള്ളൂർ-പെരളം എന്നീ രണ്ട് പഞ്ചായത്തുകളിലും മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും (31010 കണക്ഷനുകൾ) ശുദ്ധജലകണക്ഷൻ ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഉൽപാദന ഘടകങ്ങൾ സ്ഥാപിക്കുന്നതിന് 12 സർക്കാർ ഭൂമിയും, ഒരു സ്വകാര്യ ഭൂമിയും ആവശ്യമായിട്ടുണ്ട്. ഇതിൽ സ്വകാര്യ ഭൂമിയും 5 സർക്കാർ ഭൂമിയും ഇതിനകം പെർമിസീവ് സാംഗ്ഷൻ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന സർക്കാർ ഭൂമികൾക്ക് പെർമിസീവ് സാംഗ്ഷൻ ലഭ്യമാകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്രസ്തുത ഭൂമികൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

കിനാനൂർ കരിന്തളം പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി.

കിനാനൂർ കരിന്തളം പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും ശുദ്ധജല കണക്ഷൻ ലഭ്യമാക്കുന്ന പ്രവൃത്തിക്ക് (4779 കണക്ഷനുകൾ) 9469 ലക്ഷം രൂപയുടെ ഭരണാനുമതി 2022-23-ൽ നല്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് ഡിസൈൻ തയ്യാറാക്കി വരുന്നു. പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് 4 സ്വകാര്യഭൂമിയും 2 ഗവണ്മെന്റ് ഭൂമിയും ആവശ്യമായിട്ടുണ്ട്. ഇതിൽ ഒരു ഗവ: ഭൂമിക്ക് പെർമിസീവ് സാംഗ്ഷൻ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന ഭൂമികൾ ലഭ്യമാകുന്നതിനുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. മേൽ പറഞ്ഞ ഭൂമികൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.